# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2555 08.05.2017-ലെ മറുപടി

### കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്ന തിനായി എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കുമോ; | എ | വാട്ടർ അതോറിറ്റിയുടെ പ്രധാന പദ്ധതി കളിലെല്ലാം വിതരണം ചെയ്യുന്നത് ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ വെള്ളമാണ്. ചെറുകിട പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറിയിലൂടെ സംഭരിക്കുന്ന വെള്ളം ക്ലോറിനേഷൻ നടത്തി വിതരണം ചെയ്യുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗം ജല അതോറിറ്റി വിതരണം ചെയ്യുന്ന സ്കീമുകളിൽ കാറ്റഗറി അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധന നടത്തിവരുന്നു.<br><br><u>എ കാറ്റഗറി</u><br><br>ഒരു ലക്ഷത്തിനുമേൽ ജനങ്ങൾക്കു കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതി:<br><br>എല്ലാ മാസവും ഗുണനിലവാര പരിശോധന നടത്താറുണ്ട്. കൂടാതെ എക്സി. എഞ്ചിനീയർ മൂന്നു മാസത്തിലൊരിക്കലും അസി. എക്സി. എഞ്ചിനീയർ 2 മാസത്തിലൊരിക്കലും പരിശോധന നടത്തി വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാറുണ്ട്.<br><br><u>ബി കാറ്റഗറി</u><br><br>അമ്പതിനായിരത്തിനും ഒരു ലക്ഷത്തിനും ഇടയിൽ ജനങ്ങൾക്കു കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതികൾ:<br><br>രണ്ടു മാസത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്. കൂടാതെ എക്സി. എഞ്ചിനീയർ ആറു മാസത്തിലൊരിക്കലും |

അസി.എക്സി.എഞ്ചിനീയർ നാലു മാസത്തിലൊരിക്കലും പരിശോധന നടത്താറുണ്ട്.

<u>സി കാറ്റഗറി</u>

ഇരുപതിനായിരം മുതൽ അമ്പതിനായിരം വരെ ജനങ്ങൾക്കു കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതികൾ:

എല്ലാ മൂന്നു മാസത്തിലൊരിക്കലും ഗുണനിലവാര പരിശോധന നടത്താറുണ്ട്. കൂടാതെ അസി.എക്സി. എഞ്ചിനീയർ ആറു മാസത്തിലൊരിക്കൽ പരിശോധന നടത്താറുണ്ട്.

<u>ഡി കാറ്റഗറി</u>

അയ്യായിരം മുതൽ ഇരുപതിനായിരം വരെ ജനങ്ങൾക്കു കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതികൾ:

എല്ലാ ആറു മാസത്തിലൊരിക്കലും ഗുണനിലവാര പരിശോധന നടത്താറുണ്ട്. കൂടാതെ അസി. എക്സി. എഞ്ചിനീയർ വർഷത്തിലൊരിക്കൽ പരിശോധന നടത്തി വരുന്നു.

<u>ഇ കാറ്റഗറി</u>

അയ്യായിരത്തിൽ താഴെ ജനങ്ങൾക്കു കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതികൾ:

വർഷത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

ജലനിധി സ്കീമുകളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ കേരള വാട്ടർ അതോറിറ്റി ലാബുകളിൽ വാട്ടർ ക്വാളിറ്റി ടെസ്റ്റുകൾ നടത്തുന്നുണ്ട്. കൂടാതെ സ്കീം പ്രവർത്തിപ്പിക്കുന്ന ഗുണഭോക്തൃസമിതികൾക്ക് നേരിട്ട് പരിശോധിക്കുന്നതിനു വേണ്ടി വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റുകളും നൽകിയിട്ടുണ്ട്. വാട്ടർ ക്വാളിറ്റി പ്രശ്നങ്ങൾ ഉള്ള സ്കീമുകളിൽ പ്രശ്ന പരിഹാരത്തിനായി വാട്ടർ ഫിൽട്ടർ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് (107 എണ്ണം).

| | | | |
|---|---|---|---|
| ബി | കുടിവെള്ള ടാങ്കുകളുടെ ഉൾവശം ബിനുമിനാസ്റ്റിംഗ് പോലുള്ള കോട്ടിംഗ് നിർബന്ധ മാക്കാനും കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന ടാങ്കുകളെ വേർതിരിച്ചറിയാനായി ലേബൽ സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ; | ബി | ഇതിന്റെ ആവശ്യകതയും പ്രായോഗികതയും പരിശോധിച്ചിട്ടില്ല. |
| സി | പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; മറ്റു ജില്ലകൾക്ക് നീക്കിവച്ചതിനെക്കാൾ തുക കുറവാണെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | സി | 2017-18 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ വീതം എല്ലാ ജില്ലാ കളക്ടർമാർക്കും 04.05.2017-ലെ ജി.ഒ.(ആർ.റ്റി) 2077/17/ഡി.എം.ഡി പ്രകാരം കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നൽകിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ